**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 388** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ജയിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് സെൻട്രൽ പോലീസ് ക്യാന്റീൻ അംഗത്വം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** സെൻട്രൽ പോലീസ് ക്യാന്റീൻ സംവിധാനത്തിൽ അംഗങ്ങളാവാൻ ജയിൽ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും എത്ര രൂപ വീതമാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

**<u>മറുപടി:</u>** 2000/- രൂപ വീതം.

**(ബി)** എത്ര വർഷമാണ് ജയിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് സെൻട്രൽ പോലീസ് ക്യാന്റീൻ സംവിധാനം ലഭ്യമായിട്ടുള്ളത്;

**<u>മറുപടി:</u>** 07.10.2014 മുതൽ 02.04.2024 വരെ.

**(സി)** നിലവിൽ എന്തുകൊണ്ടാണ് ജയിൽ വകുപ്പ് ഉദ്യോഗസ്ഥരെ പ്രസ്തുത സംവിധാനത്തിൽ നിന്നും പുറത്താക്കിയത്; പ്രസ്തുത സംവിധാനത്തിന്റെ ആനുകൂല്യം ജയിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** സെൻട്രൽ പോലീസ് ക്യാന്റീൻ സൗകര്യങ്ങൾ ഏതൊക്കെ വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം ലഭ്യമാക്കിയ ലിസ്റ്റിൽ സംസ്ഥാന ജയിൽ വിഭാഗം ഉൾപ്പെട്ടിട്ടില്ല. പോലീസ് കാന്റീൻ സൗകര്യം ആഭ്യന്തര വകുപ്പിന് കീഴിലുള്ള വിവിധ വകുപ്പുകളിലെ ജീവനക്കാർക്ക് കൂടി അനുവദിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് 13.06.2024-ന് സർക്കാർ കത്തയച്ചിരുന്നു. ഇക്കാര്യത്തിൽ മറുപടി ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതിന് റസിഡന്റ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**